(സി) വിദേശ പൗരത്വമില്ലാതെ വിദേശത്ത് താമസിക്കുന്ന കേരളീയർക്ക് ഇതുവഴി അടുത്ത പൊതു തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ അവസരം ലഭിക്കുമോ;

(ഡി) വോട്ടർപട്ടികയിൽ പേര് ചേർക്കൽ, വോട്ട് രേഖപ്പെടുത്തുമ്പോൾ കൈവശമുണ്ടായിരിക്കേണ്ട രേഖകൾ എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ പ്രവാസികളായി എത്രപേരുണ്ട്; ഏറ്റവും കൂടുതൽ പ്രവാസികളുള്ള മണ്ഡലമേത്; എത്രപേർ എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, 3-2-2011-ന്.

(ബി-ഡി) കേന്ദ്ര ഇലക്ഷൻ കമ്മീഷനിൽ നിന്നും സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസർക്ക് 14-2-2011-ൽ മാത്രമാണ് ഇതു സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന ചീഫ് ഇലക്ടറൽ ഓഫീസറാണ്.

(ഇ) തിരുവനന്തപുരത്തെ സെന്റർ ഫോൺ ഡെവലപ്മെന്റ് സ്റ്റഡീസ് നടത്തിയ കേരള മൈഗ്രേഷൻ സർവ്വേ 2007 റിപ്പോർട്ട് പ്രകാരം ഇന്ത്യയ്ക്ക് പുറത്ത് 18,47,902 പേരും കേരളത്തിനു പുറത്ത് ഇന്ത്യയ്ക്കകത്ത് ഏകദേശം 6,70,477 പേരും പ്രവാസികളായുണ്ട്. പ്രസ്തുത പ്രവാസികളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ

59(1311) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ പ്രധാനമായും ഏതെല്ലാം കുറ്റങ്ങൾക്കാണ് ജയിലിലാക്കപ്പെട്ടിരിക്കുന്നതെന്ന് അറിവുണ്ടോ;

(ബി) ഇവരെ രക്ഷിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശങ്ങളിൽ ജയിലിലാക്കുന്ന മലയാളികളുടെ സമഗ്ര വിവരം സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ പ്രധാനമായും ഏതെല്ലാം കുറ്റങ്ങൾക്കാണ് ജയിലിലാക്കപ്പെട്ടിരിക്കുന്നതെന്ന് അറിവില്ല.

(ബി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബങ്ങളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്.

നോർക്ക-റൂട്ട്സ് നടപ്പാക്കുന്ന ക്ഷേമ-സമാശ്വാസ പദ്ധതികൾ

60(1312) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമ വകുപ്പിന് കീഴിൽ നോർക്ക-റൂട്ട്സ് നടപ്പാക്കുന്ന ക്ഷേമ - സമാശ്വാസ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ :

(ബി) ഇവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അറിയിക്കുമോ;

(സി) പ്രവാസികൾക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കുമോ ?

ഉത്തരം

(എ&ബി) നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് വഴി നടപ്പാക്കുന്ന ക്ഷേമ - സമാശ്വാസ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സാന്ത്വന:

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയായ സാന്ത്വന പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ മരണപ്പെട്ട പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ, പ്രവാസിയുടെ/അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ, പ്രവാസിയുടെ/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ ഒറ്റ തവണയായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പരമാവധി 10,000 രൂപ വരെ സഹായം നൽകി വരുന്നുണ്ട്. ഇതു ലഭിക്കുന്നതിനായി പ്രവാസി നിശ്ചിത ഫോറത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം.

2. കാരുണ്യം:

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസി കേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി കാരുണ്യം എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്തോ മറുനാടുകളിലോ നിയമാനുസൃതം ജോലി ചെയ്തിരുന്ന പ്രവാസി കേരളീയരുടെ ഭൗതിക ശരീരം കൊണ്ടുവരുന്നതിനാണ്

LIBRARY ARCHIVES Kerala Legislative Assembly